**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം,തിരുവനന്തപുരം**
**നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭയിൽ കഴക്കൂട്ടം വില്ലേജിൽ fuel pump വിപുലീകരിക്കുന്നതിൻറെ ഭാഗമായ നിർമ്മിതികൾക്ക് ലേ ഔട്ട് അംഗീകാരവും കൺകറൻസും നൽകി ഉത്തരവാകുന്നു.

സൂചന:- തിരുവനന്തപുരം നഗരസഭയുടെ 22.02.2021 ലെ ZKZM3/860/20 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ TCPTVM/587/2021-D തീയതി 05/05/2021</u>**

തിരുവനന്തപുരം നഗരസഭയിൽ കഴക്കൂട്ടം വില്ലേജിൽ റീ സർവ്വേ നമ്പർ 367/8-1,367/10,367/9 ൽ ഉൾപ്പെടുന്ന 17.51 ച.മി (17.51 Are) സ്ഥലത്തു നിലവിൽ പ്രവർത്തിച്ച വരുന്ന fuel pump വിപുലീകരിക്കുന്നതിനുള്ള ലേ ഔട്ട് അംഗീകാരത്തിനായി ശ്രീ.അബ്ദുൽ ഹസ്സൻ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി കെട്ടിടത്തിന് ലേ-ഔട്ട് അംഗീകാരവും Interim Development Order പ്രകാരമുള്ള കൺകറൻസും നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമാണം കെ.എം.ബി.ആർ.2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം /മലിനജലം ) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.
8. നിർമാണം കെ.എം.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
9. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ

അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

10. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
11. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്
12. കെ.എം.ബി.ആർ 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
13. കെ.എം.ബി.ആർ 2019 ചട്ടം 47 പ്രകാരം നിർദ്ദിഷ്ട പെട്രോൾ ഡിസ്പെൻസിങ് യൂണിറ്റുകൾ പ്ലോട്ട് അതിർത്തിയിൽ നിന്നും 7.5 മീറ്റർ അകലം പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>17 /2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: പ്ലാൻ ഒരു സെറ്റ്

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

പകർപ്പ്: (അറിവിലേയ്ക്കായി)
1)Sri Abdul Hassan
Hassan Brothers
Nambiyarkulam
Pallipuram p.o
Thiruvananthapuram

2) കരുതൽ ഫയൽ